# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# മാർത്തോമ്മാ യുവജനസഖ്യം പ്രസിഡൻ്റ്
# ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ
# മെത്രാപ്പോലീത്തായിൽ നിന്നും

**സർക്കുലർ നമ്പർ. 18**

നമ്മുടെ സഭയിലെ വന്ദ്യ വൈദീകരും വിശ്വാസസമൂഹവും പ്രത്യേകാൽ യുവജനങ്ങളും കൂടെ കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരേ,

ദൈവത്തിന്റെ സമ്മാനമായ യൗവ്വനകാലം മനുഷ്യായുസ്സിലെ ഏറ്റവും അനുഗ്രഹീതമായ കാലമാണ്. ഈ അനുഗ്രഹീതകാലം തിരുസഭയിലൂടെ ത്രിയേക ദൈവത്തിലുള്ള വിശ്വാസത്തിൽ വളരുന്നതിനും നിലനിൽക്കുന്നതിനും സഹായിക്കുകയും ക്രിസ്തുവിൽ ആളത്വത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ലക്ഷ്യവും താല്പര്യവും. യുവജനങ്ങൾക്ക് ദിശാബോധം പകരുന്നതിനും ദൈവവചനത്തിൽ അടിസ്ഥാനപ്പെട്ട് സഭയോടും സമൂഹത്തോടുമുള്ള ബന്ധത്തിൽ അവരെ ശക്തീകരിക്കുന്നതിനും യുവജനസഖ്യം പ്രവർത്തനങ്ങൾ മുഖാന്തരമാകണം.

യുവജനസഖ്യം പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും പ്രവർത്തനങ്ങൾ ശക്തീകരിക്കുന്ന തിനുമായി സഭ പ്രത്യേകം ക്രമപ്പെടുത്തിയിട്ടുള്ളതാണ് യുവജനവാരവും യുവജന ഞായറും. ഈ വർഷം ഒക്ടോബർ 12 മുതൽ 18 വരെയുള്ള ദിനങ്ങൾ യുവജനവാരമായും 19-ാം തീയതി ഞായറാഴ്ച യുവജന ഞായറായും വേർതിരിച്ചിരിക്കുന്നു.

**'*യുവത : ക്രിസ്തുവിലേക്കുള്ള വഴികാട്ടികൾ*'** *(Youth : Trailblazers to Christ)* എന്നതാണ് യുവജനവാര ചിന്താവിഷയം. ഈ വിഷയം ആസ്പദമാക്കിയുള്ള പഠനങ്ങളും ചർച്ചകളും ശാഖാതലത്തിൽ ക്രമീകരിക്കണം. ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച സെന്റർ തലത്തിൽ ക്രമീകരിച്ചിരിക്കുന്ന ഡെപ്യൂട്ടേഷൻ പരിപാടി വിജയകരമാക്കുന്നതിന് ഉത്സാഹിക്കണം. യുവജന പങ്കാളിത്തത്തോടെ യുവജനഞായറാഴ്ച ആരാധന ക്രമീകരിക്കുക. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിന്റെ അംഗീകാരത്തോടെയുള്ള പ്രത്യേക ആരാധനക്രമം ശുശ്രൂഷയിൽ ഉപയോഗിക്കണം. സഖ്യത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, വിവിധ ആവശ്യങ്ങൾ തുടങ്ങിയവ പരിഗണിച്ച് ഒക്ടോബർ 19-ാം തീയതിയിലെ യുവജന ഞായർ സ്തോത്ര കാഴ്ചയിൽ സഭാംഗങ്ങൾ എല്ലാവരും ആത്മാർത്ഥമായി പങ്കുചേരണം.

ക്രൈസ്തവ സഭകൾ ഒന്നാകെ നിഖ്യാ സുന്നഹദോസിന്റെ 1700 -ാം വാർഷികം ആഘോഷിക്കുന്ന ഈ വർഷം (A.D. 325 - 2025) **'നിഖ്യാ സുന്നഹദോസും വിശ്വാസപ്രമാണവും : ഒരു സ്വതന്ത്ര വീക്ഷണം'** എന്ന പുസ്തകം പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നു. എല്ലാ ശാഖകളിലും പഠനത്തിനായി ഈ പുസ്തകം പ്രയോജനപ്പെടുത്തണം. യുവജനസഖ്യം പ്രസിദ്ധീകരണങ്ങളായ മാർത്തോമ്മാ യുവദീപം, Ripples എന്നിവയ്ക്ക് പുതിയ വരിക്കാരെ കണ്ടെത്താൻ ഉത്സാഹിക്കണം.

സഭയിലെ എല്ലാ യുവതീയുവാക്കളുടേയും വിശ്വാസ പരിപോഷണത്തിന്റെയും ശുശ്രൂഷകളുടെയും പ്രവർത്തന കേന്ദ്രമായി യുവജനസഖ്യം തീരണം. പ്രവർത്തന കേന്ദ്രമായി യുവജനസഖ്യം തീരണം. ആത്മാഭിമാനമുള്ള, സുവിശേഷതീഷ്ണതയുള്ള, സമൂഹത്തിന് അനുഗ്രഹീത നേതൃത്വം നൽകുന്ന, ശിക്ഷണവും മാതൃകയുമുള്ള ഒരു തലമുറയെ സജ്ജരാക്കുന്നതിന് ദൈവം ഈ സംഘടനയെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ വർഷത്തെ സഖ്യവാര പ്രവർത്തനങ്ങളിൽ പങ്കുചേരാം.

കർത്താവ് അനുഗ്രഹിക്കട്ടെ.

ക്രിസ്താബ്ദം 2025 സെപ്റ്റംബർ മാസം 23-ാം തീയതി തിരുവല്ല യുവജനസഖ്യം ആഫീസിൽ നിന്നും,

**ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**
യുവജനസഖ്യം പ്രസിഡൻ്റ്

# Malankara Mar Thoma Syrian Church
## From the President of Mar Thoma Yuvajana Sakhyam
## Dr. Joseph Mar Barnabas Suffragan Metropolitan

**Circular No. 18**

Dearly Beloved in the Lord,

Blessings to the Clergy, faithful members, especially the youth of our Church.

Youth, a gift from God, is the most blessed time in human life. The aim and interest of the Mar Thoma Yuvajana Sakhyam is to help the youth to grow and remain in faith in the Triune God through the Holy Church and to lead them to the perfection of their personality in Christ. The Yuvajana Sakhyam should provide a sense of direction to the youth and strengthen them in their relationship with the church and society based on the Word of God.

The Church has specially arranged Youth Week and Youth Sunday to remember and pray for the activities of the Yuvajana Sakhyam and to strengthen its activities. This year, the days from October 12 to 18 have been separated as Youth Week and Sunday, the 19th, as Youth Sunday.

The theme of Youth Week is 'Youth: Trailblazers to Christ'. Studies and discussions based on this topic should be arranged at the Sakha level. Efforts should be made to make the deputation program arranged at the center level on Sunday, October 12th, a success. Youth Sunday worship should be organized with the participation of the youth. The special liturgy approved by the Metropolitan should be used in the service. Considering the daily activities of the Sakhyam and various other needs, all parish members should sincerely participate in the Youth Sunday Offertory on October 19th.

This year (A.D. 325 - 2025), when all Christian churches are celebrating the 1700th anniversary of the Council of Nicea, the book 'The Council of Nicea and the Creed: An Independent View' has been selected for our study. This book should be utilized for study in all Sakhas. Efforts should be made to find new subscribers for the Yuvajana Sakhyam publications Mar Thoma Yuvadeepam and Ripples.

The Yuvajana Sakhyam should become the center of activity for faith development and for ministries for all the youth in the church. Let us participate in this year's Youth Week activities with the prayer that God will help this organization to prepare a generation that is self-respecting, evangelical, disciplined and provides blessed leadership to the society.

May the Lord bless you.

On the 23rd Day of September 2025, in the year of our Lord
from Thiruvalla Yuvajana Sakhyam Office,

**Dr. Joseph Mar Barnabas Suffragan Metropolitan**
(President, Mar Thoma Yuvajana Sakhyam)

സഭാജനങ്ങൾ എന്നിവർക്കായും വിശേഷാൽ മാർത്തോമ്മാ യുവജനസഖ്യത്തിനായും സഭയിലെ എല്ലാ യുവജനങ്ങൾക്കായും സഖ്യത്തിന് നേതൃത്വം നൽകുന്ന പ്രസിഡന്റ് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഔദ്യോഗിക ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഓഫീസ് പ്രവർത്തകർ, ശാഖാ-സെന്റർ-ഭദ്രാസന ഭാരവാഹികൾ, സീനിയർ ഫ്രണ്ട്സ്, സഖ്യം സ്നേഹിതർ എന്നിവർക്കുവേണ്ടിയും യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പരിപാടികൾ, പരിശീലന ക്ലാസ്സുകൾ, സേവന പ്രവർത്തനങ്ങൾ, സഖ്യം ഗ്രാമം, മിസ്ഡ, നവതി സ്മാരക ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മാണം എന്നിവയ്ക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആരാധനയിൽ താൽപ ര്യവും വചനപഠനത്തിൽ ഉത്സാഹവും, നീ നിയോഗിച്ചിരിക്കുന്ന ഇടങ്ങളിൽ ക്രിസ്തു സാക്ഷ്യവും സേവന സന്നദ്ധതയും ഉള്ളവരായി യുവജനങ്ങളെ രൂപപെടുത്തേണ്ടത്തിന് യുവജനസഖ്യം പ്രവർത്തനങ്ങൾ മുഖാന്തരമായിത്തീരേണമേ..

**ജനം** : **ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ. കുറിയേലായിസ്സോൻ...**

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

ഞങ്ങളുടെ സ്നേഹിതനായ നല്ല ദൈവമേ, നീ ഞങ്ങളുടെ വഴികൾക്ക് മാർഗ്ഗദീപം ആയിരിക്കേണമെ. നിന്റെ ഉത്തമ സാക്ഷികളായി ഈ ലോകത്തിൽ ജീവിപ്പാൻ ഞങ്ങളെ നീ ഉത്സുകരാക്കേണമേ. സാമൂഹ്യ നീതിയും, ക്രൈസ്തവ ധാർമികതയും, ദർശനവും, മൂല്യവും ഉൾകൊണ്ട്, ലോകത്തിൽ ക്രിസ്തുവിന്റെ പ്രവർത്തനത്തിന്റെ പിന്തുടർച്ചക്കാരായി നിലനിൽക്കുവാൻ ഞങ്ങളെ നീ സജ്ജമ്മാക്കേണമെ. യോസഫിന്റെ വിവേചനബുദ്ധിയും, ദാവീദിന്റെ ദർശനങ്ങളും, പൗലോസിന്റെ സുവിശേഷ തൽപരതയും ഞങ്ങളിൽ വളർത്തേണമേ. കരയുന്നവരുടെ കണ്ണീർ ഒപ്പാനും ആശ്വാസം തേടുന്നവർക്ക് ഇടം നൽകുവാനും, സൗഹൃദ കൂട്ടായ്മകൾ കൊണ്ട് അനേകരെ ക്രിസ്തുവിൽ സ്നേഹിതർ ആക്കുവാനും യുവതി യുവാക്കളായ ഞങ്ങളെ നീ അനുഗ്രഹിക്കേണമേ. ക്രിസ്തുവിലേക്കുള്ള വഴികാട്ടികളായി ഈ ലോകത്തിൽ ജീവിപ്പാൻ ഞങ്ങൾ ഇതാ ഞങ്ങളെ സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിക്കേണമേ.. *ആമേൻ.*

പാഠം വായന

1. ദാനി. **6 : 1 - 10**
2. അ. പ്ര. **6 : 1 - 6**

**മാർത്തോമ്മാ യുവജനസഖ്യം**

# യുവജന ഞായർ

## 2025 ഒക്ടോബർ 19

# ആരാധനക്രമം

*(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)*

പരസ്യാരാധനക്രമവുമായി ചേർന്ന് ഈ ക്രമം ഉപയോഗിക്കണം.

**ആരാധനാഹ്വാനം**

**'**സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു. എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു**'** (സങ്കീ. 84:1,2).

**പാട്ട്**

**കൗമാ**

**അപേക്ഷ** - ദൈവമായ കർത്താവേ. . . . (പരസ്യാരാധനക്രമം പുറം 4)

**പ്രാരംഭ പ്രാർത്ഥന**

**ലീഡർ** : ഞങ്ങളുടെ ജീവന്റെ നാഥാ, നീ ഞങ്ങളെ മെനയുകയും ജീവനേകി പുലർത്തുകയും ചെയ്യുന്നതിനാൽ സകല ചരാചരങ്ങളോടും കൂടെ ഞങ്ങളും നിന്നെ വാഴ്ത്തുന്നു. സമൃദ്ധമായ ജീവൻ പങ്കിട്ട് നൽകുകയും കുരിശിലൂടെ രക്ഷയുടെ വഴി കാട്ടിത്തരികയും ചെയ്ത ഞങ്ങളുടെ നാഥാ, നിന്റെ കരുണയെ ഞങ്ങൾ ധ്യാനിക്കുന്നു. പിതാവിലേക്കും സത്യത്തിലേക്കും സ്നേഹത്തിലേക്കുമുള്ള വഴി നീയാണ് എന്ന് തിരിച്ചറിഞ്ഞ് ഞങ്ങൾ നിന്റെ സന്നിധിയിൽ അടുത്തു വരുന്നു. പ്രിയ നാഥാ, നിന്റെ വറ്റാത്ത കരുണയുടെ വാഹകരായി ഞങ്ങളെ നീ തിരഞ്ഞെടുത്തതിനായി ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. നിന്റെ സ്നേഹത്തിന്റെ വാഹകരായി ഭൂമിയുടെ അറ്റത്തോളം സാക്ഷ്യം നിർവ്വഹിപ്പാൻ ഞങ്ങളെ നീ തുണയ്ക്കേണമേ. സകല ആരാധനയ്ക്കും യോഗ്യനേ, യുവജന ഞായറായി വേർതിരിച്ചിരിക്കുന്ന ഈ ദിനവും എല്ലാ കാലങ്ങളിലും സമയങ്ങളിലും സ്തുതിയും സ്തോത്രവും നിനക്ക് മാത്രം യോഗ്യമായിരിക്കുന്നു.

**ജനം** : ആമേൻ.

## അനുതാപ പ്രാർത്ഥന

'ദൈവമേ, നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ' *(സങ്കീ. 51:1-2).*

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം '**ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ**' എന്ന് പ്രതിവാക്യമായി പറയാം)

**ലീഡർ :** സ്നേഹവാനായ ദൈവമേ, നിന്റെ സ്നേഹം പകർന്ന് ഓരോ സൃഷ്ടിയെയും നീ നിയമിക്കുകയും നിയോഗങ്ങൾ നൽകി അയയ്ക്കുകയും ചെയ്തിരിക്കുന്നു എന്ന് തിരിച്ചറിയാതെ സ്വാർത്ഥതയുടെ കണ്ണുകളിലൂടെ ലോകത്തെ കണ്ടുപോയ കുറവുകളെ...

**ജനം : ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ...**

**ലീഡർ :** കാരുണ്യവാനായ ദൈവമേ, നിന്റെ കരുണയാൽ ഞങ്ങളെ വീണ്ടെടുക്കുകയും ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് ഞങ്ങളെ അയയ്ക്കുകയും ചെയ്തിരിക്കുന്നു എന്ന് മനസ്സിലാക്കാതെ നിന്റെ ദൗത്യത്തെ ഏറ്റെടുക്കുവാൻ കാട്ടുന്ന വിമുഖതയെ......

**ജനം : ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ...**

**ലീഡർ :** ഞങ്ങളെ അറിയുന്ന ദൈവമേ, വ്യത്യസ്തമായ സാദ്ധ്യതകളാൽ ഞങ്ങളെ അനുഗ്രഹിക്കുകയും ദൈവസ്വപ്നത്തിന്റെ ഭാഗമാക്കുകയും ചെയ്തിരിക്കുന്നു എന്ന ബോധ്യം ഇല്ലാതെ, ദൈവീകമായ സാദ്ധ്യതകളെയും താലന്തുകളെയും നഷ്ടപ്പെടുത്തി ഒറ്റപ്പെട്ട തുരുത്തുകളിൽ കഴിഞ്ഞുപോകുന്ന ഞങ്ങളുടെ നിസംഗതയെ...

**ജനം : ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ...**

**കന്യകമറിയാമിന്റെ പാട്ട്** (പരസ്യാരാധനക്രമം പുറം 11)

## സ്തോത്രപ്രാർത്ഥന

'സകല ഭൂവാസികളുമായുള്ളോരേ, യഹോവയ്ക്ക് ആർപ്പിടുവീൻ. സന്തോഷത്തോടെ യഹോവയെ സേവിപ്പീൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവീൻ.' *(സങ്കീ. 100:1-2).*

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം '**ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു**' എന്ന് പ്രതിവാക്യമായി ഏറ്റു പറയണം)

**ലീഡർ :** ഒരു യുവാവായി ഈ ഭൂമിയിൽ ജീവിക്കുകയും മാതൃക കാട്ടുകയും ചെയ്ത ഞങ്ങളുടെ നാഥാ, ബന്ധങ്ങളിൽ വിശ്വസ്തതയും, ഇടപെടലുകളിൽ ആർദ്രതയും, ദർശനങ്ങളിൽ സുതാര്യതയും നിലപാടുകളിൽ ഉറപ്പും ഉള്ളവരായിരിപ്പാൻ നീ ഞങ്ങൾക്ക് കാട്ടിത്തന്ന മാതൃകകൾക്കും പ്രചോദനത്തിനുമായി ദൈവമേ....

**ജനം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു....**

**ലീഡർ :** ഞങ്ങളുടെ കൂടെയിരിക്കുന്ന ദൈവമേ, പ്രതിസന്ധികളിൽ തളരാതെ മുന്നേറുവാനും മാറുന്ന കാലത്ത് മാറ്റമില്ലാത്ത നിന്റെ സ്നേഹത്തിന്റെ സക്ഷികളാകുവാനും ഞങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങൾക്കായും ക്രിയാത്മക ഇടപെടലുകൾ നടത്തുവാൻ നീ നൽകുന്ന സദ്ധ്യതകൾക്കായും...

**ജനം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു....**

**ലീഡർ :** കാരുണ്യവാനായ ദൈവമേ, നിന്റെ കരുണയുടെ വാഹകരാകുവാൻ നീ നൽകുന്ന എല്ലാ മുഖാന്തരങ്ങൾക്കുമായി, പ്രത്യേകാൽ മാർത്തോമ്മാ യുവജനസഖ്യത്തിനായും അതിലൂടെ നിർവ്വഹിക്കപ്പെടുന്ന വിവിധ പ്രവർത്തനങ്ങൾക്കായും...

**ജനം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു....**

## മദ്ധ്യസ്ഥ പ്രാർത്ഥന

'പ്രാർത്ഥന കേൾക്കണമേ കർത്താവേ എൻ യാചന നൽകേണമേ...'

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം '**ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ കുറിയേലായിസ്സോൻ**' എന്ന് പ്രതിവാക്യമായി ഏറ്റു പറയണം.)

**ലീഡർ :** സമാധാനത്തിന്റെ ദൈവമേ, അസമധാനം നിറയുന്ന ലോകത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. യുദ്ധവും, കലാപങ്ങളും സംഘർഷവും മൂലം അഭയം നഷ്ടപ്പെട്ടവർ, ഭയത്തിൽ കഴിയുന്നവർ, പലായനം ചെയ്യേണ്ടി വന്നവർ, അംഗഹീനരായവർ, അനാഥരയവർ എന്നിവർക്കായി ഞങ്ങൾ അപേക്ഷിക്കുന്നു. നാഥാ നിന്റെ സമാധാനത്താൽ ഞങ്ങളെ നിറയ്ക്കേണമേ.....

**ജനം : ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ. കുറിയേലായിസ്സോൻ...**

**ലീഡർ :** കൃപയുള്ള കർത്താവേ, യുവത്വത്തിന്റെ സാദ്ധ്യതകളുമായി ഈ കാലഘട്ടത്തിൽ സുവിശേഷകരായി നീ വിളിച്ചിരിക്കുന്ന യുവജനങ്ങൾക്കായി പ്രാർത്ഥിക്കുന്നു. വ്യത്യസ്ത രാഷ്ട്രങ്ങളിൽ, വ്യത്യസ്ത സാഹചര്യങ്ങളിൽ, വിവിധ ജോലികളിൽ ഏർപ്പെടുമ്പോഴും നീ നൽകിയ ക്രിയത്മകതയും സാദ്ധ്യതകളും ദൈവനാമ മഹത്വത്തിനായി പ്രയോജനപ്പെടുത്തുവാൻ കൃപ നൽകേണമേ....

**ജനം : ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ. കുറിയേലായിസ്സോൻ...**

**ലീഡർ :** ഞങ്ങളെ ശക്തീകരിക്കുന്ന ദൈവമേ, മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും സഭയ്ക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്കോപ്പാമാർ, വൈദികർ, സുവിശേഷകർ, സേവിനിമാർ,

**Dedication prayer** (All together)

Our good God, be the guiding light of our paths. Make us eager to live in this world as your good witnesses. Equip us to remain followers of Christ in the world by embracing social justice, Christian morality, vision, and values. Develop in us the discernment of Joseph, the vision of David, and the evangelical zeal of Paul. Bless us, young men and women, to wipe out the tears of those who weep, to make room for those who seek comfort, and to make many friends in Christ through friendly associations. We here dedicate ourselves to live in this world as trailblazers to Christ. Accept our dedication… **Amen.**

**Lessons for Reading**

1. **Daniel 6 : 1 - 10**
2. **Acts. 6 : 1 - 6**

# MAR THOMA YUVAJANA SAKHYAM

## YOUTH SUNDAY

## 2025 OCTOBER 19

# ORDER OF WORSHIP

**(Published by the Approval of H. G. The Metropolitan)**

***(Use this order along with the English Order of Worship)***

**Call to Worship**

"How lovely is your dwelling place, Lord Almighty!My soul yearns, even faints, for the courts of the Lord; my heart and my flesh cry out for the living God. ". (Psalm 84:1-2).

**Hymn**

**The Kauma** (*English Order of Worship page 1*)

**Prayer** (*English Order of Worship page 2*)

**Opening Prayer:**

***Leader*:** Lord of our life, we praise you with all our being because you have created us and sustained us. Our Lord, who shared your life and showed us the way of salvation through the cross, we meditate on your mercy. We draw near to you, knowing that you are the way to the Father, to truth and to love. Dear Lord, we thank you for choosing us to be bearers of your unfailing mercy. Help us to bear witness to your love to the ends of the earth. O Lord, who is worthy of all worship we ascribe all praise and thanksgiving to you alone on this day which is seperated as the youth Sunday and to all the seasons and times forever and ever…

***Congregation :*** *Amen.*

***Prayer of Confession***

"Have mercy on me, O God, according to your unfailing love; according to your great compassion blot out my transgressions. Wash away all my iniquity and cleanse me from my sin" (Psalm 51:1-2).

(After each prayer of confession, our response shall be 'O God forgive us')

***L*:** Loving God, You have appointed each of your creation by pouring your love and sent them with a task. But we have seen this world through the eyes of selfishness. For these our shortcomings…

***C*:** *O, God forgive us..*

***L*:** .Merciful God, for the reluctance we show to take on Your mission, not realizing that You have redeemed us by Your mercy and sent us to many parts of the world…….

***C*:** *O, God forgive us..*

***L*:** God who knows us, we have lost our divine possibilities and talents, without realizing that You have blessed us with different possibilities and made us part of God's dream…

***C*:** *O, God forgive us..*

**The Magnificat (Song of Virgin Mary)** *(Page 5, English Order of Worship)*

**Prayer of Thanksgiving**

'Shout for joy to the Lord, all the earth. Worship the Lord with gladness; come before him with joyful songs.' (Psalm 100:1-2)

(After each Prayer of Thanksgiving, our response shall be **O Lord, we thank you.***)*

***L*:** Our Lord, who lived on this earth as a young man and set an example, for the examples and inspiration you have shown us to be faithful in relationships, tender in interactions, transparent in visions, and firm in our stance…..…

***C*:** *O Lord, we thank you.*

***L*:** God who is with us, for the opportunities you give us to move forward without getting tired in times of crisis and to be witnesses of your unchanging love in times of change, and for the possibilities you give us to make positive interventions…

***C*:** *O Lord, we thank you.*

***L*:** Merciful God, for all the means you give us to be carriers of your mercy, especially for the Mar Thoma Yuvajana Sakhyam and the various activities carried out through it…

***C*:** *O Lord, we thank you.*

**Intercessory prayer**

***Song: Prarthana Kelkkaname, Karthave en yachana nalkaname (2)***

"Answer me when I call to you, my righteous God. Give me relief from my distress; have mercy on me and hear my prayer" (Psalms. 4:1).

(After each prayer our response shall be ***'O Lord, listen our prayers, Kurielaison'****)*

***L*:** God of peace, we pray for this world which is moving without peace, we pray for those who have lost their homes due to war, riots and conflict, for those who have been forced to flee, for those who are disabled, for those who have been orphaned. Lord, fill us with your peace…

***C*:** *"O Lord, listen our prayers, Kurielaison."*

***L*:** Gracious Lord, we pray for the youth you have called to be evangelists in this time. Grant us the grace to use the creativity and potential you have given us for the glory of God, even though we are in different countries, in different situations, and in the midst of doing different jobs….

***C*:** *"O Lord, listen our prayers, Kurielaison."*

***L*:** God who strengthens us, we pray for the Malankara Mar Thoma Syrian Church and for the Metropolitan who leads the Church, the Suffragan Metropolitans, Bishops, Priests, Deacons, Evangelists and Monastics, We pray for the faithful members of the church, especially for the Mar Thoma Yuvajana Sakhyam, and for all the youth in the Sakhyam. We also pray for the President, Rt. Rev. Dr. Joseph Mar Barnabas Suffragan Metropolitan, the office bearers, the members of the managing committee, the office workers, the sakha, centre, diocese office bearers, the senior friends, Sakhyam friends, and for the various programmes, training classes, service activities, Sakhyam Gramam: Kadappa Mission, MYSDA, the construction of the Navathi Memorial Shopping Complex being conducted under the leadership of the Yuvajana Sakhyam. Through the activities of the Yuvajana Sakhyam, you may shape the youth to be interested in worship, enthusiastic in studying the Word of God, and willing to testify to Christ and serve in the places you have assigned them....

***C*:** *"O Lord, listen our prayers, Kurielaison."*